# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5588 — 02.07.2019-ൽ മറുപടിയ്ക്ക്

## ആറന്മുള വാസ്തുവിദ്യ ഗുരുകുലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി വീണാ ജോർജ്ജ് : | **ശ്രീ. എ.കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) ആറന്മുള വാസ്തുവിദ്യ ഗുരുകുലത്തിൽ ഏതൊക്കെ കോഴ്സുകളാണ് നടത്തുന്നത്; അറിയിക്കുമോ; | എ) ഭാരതീയ വാസ്തുവിദ്യയുടെ ആധാരഗ്രന്ഥങ്ങളായ മയമതം, മാനസാരം, വിശ്വകർമ്മ പ്രകാശിക, ശില്പരത്നം, സമരാംഗണസൂത്രധാര എന്നിവയും പ്രകരണ ഗ്രന്ഥങ്ങളായ മനുഷ്യാലയചന്ദ്രിക, തന്ത്രസമുച്ചയം എന്നിവയും അടിസ്ഥാനപ്പെടുത്തി ശാസ്ത്രീയമായി തയ്യാർ ചെയ്ത സിലബസിനെ ആധാരമാക്കിയുള്ള വാസ്തുവിദ്യാ കോഴ്സുകളും, പുരാണ ഇതിഹാസ കഥാസന്ദർഭങ്ങളേയും, ചരിത്ര സംഭവങ്ങളെയും സമകാലിക സാമൂഹിക സാംസ്കാരിക വിഷയങ്ങളെയും ആസ്പദമാക്കിയുള്ള ചുമർചിത്രരചനാ കോഴ്സുകളും ഉൾപ്പെടെ പന്ത്രണ്ട് അംഗീകൃത അക്കാദമിക് കോഴ്സുകൾ നടത്തുന്നു.<br>1. പാരമ്പര്യ വാസ്തുശാസ്ത്രത്തിൽ പി.ജി. ഡിപ്ലോമ ( Post-Graduate Diploma in Traditional Architecture) (കോഴ്സ് ദൈർഘ്യം - 1 വർഷം)<br>2. പാരമ്പര്യ വാസ്തുശാസ്ത്രത്തിൽ ഡിപ്ലോമ – കറസ്പോണ്ടൻസ് കോഴ്സ് (Diploma in Traditional Architecture – Correspondence Course) ( കോഴ്സ് ദൈർഘ്യം - 1 വർഷം)<br>3. പാരമ്പര്യ വാസ്തുശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ് (Certificate Course in Traditional Architecture) (കോഴ്സ് ദൈർഘ്യം - 1 വർഷം)<br>4. പാരമ്പര്യ വാസ്തുശാസ്ത്രത്തിൽ ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സ് (Short Term Certificate Course In Traditional Architecture) (കോഴ്സ് ദൈർഘ്യം - 4 മാസം)<br>5. ചുമർചിത്ര രചനയിൽ സർട്ടിഫിക്കറ്റ്കോഴ്സ് (Certificate Course in Mural Painting) (കോഴ്സ് ദൈർഘ്യം -1 വർഷം)<br>6. ദ്വിവത്സര ഡിപ്ലോമ മ്യൂറൽ കോഴ്സ് - സ്റ്റൈപ്പന്റോട് കൂടി (Two year Diploma Course in Mural Painting) (കോഴ്സ് ദൈർഘ്യം - 2 വർഷം) |

7. അവധിക്കാല മ്യൂറൽ കോഴ്സ് - നിറച്ചാർത്ത്
(കോഴ്സ് ദൈർഘ്യം - 25 പ്രവർത്തി ദിവസം)
8. അഡ്വാൻസ്ഡ് പിജി ഡിപ്ലോമ കോഴ്സ് (അഡ്വാൻസ്ഡ് പിജി ഡിപ്ലോമ കോഴ്സ് ഇൻ വാസ്തുവിദ്യ) (കോഴ്സ് ദൈർഘ്യം - 1 വർഷം)
9. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ എപ്പിഗ്രാഫി (Certificate Course In Epigraphy) (കോഴ്സ് ദൈർഘ്യം - 4 മാസം)
10. ഡിപ്ലോമ ഇൻ എപ്പിഗ്രാഫി (Diploma in Epigraphy ) (കോഴ്സ് ദൈർഘ്യം - 1 വർഷം)
11. ചുമർചിത്രരചനയിൽ തൊഴിലധിഷ്ഠിത ഹ്രസ്വകാല കോഴ്സ് (Short Term Vocational Course In Mural Painting) (കോഴ്സ് ദൈർഘ്യം - 4 മാസം)
12. ദാരുശില്പകലയിൽ ത്രിവത്സര ഡിപ്ലോമ കോഴ്സ് (Diploma in wooden Sculpture) (കോഴ്സ് ദൈർഘ്യം - 3 വർഷം)

| | |
|---|---|
| ബി) വാസ്തുവിദ്യ ഗുരുകലത്തിൽ പുറത്തുപോയുള്ള സ്ഥലപരിശോധനകൾക്കും കൺസൾട്ടേഷനുകൾക്കും എത്രത്തോളം വരുമാനം കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ലഭ്യമായിട്ടുണ്ട് എന്ന് അറിയിക്കുമോ? | ബി) വാസ്തുവിദ്യ ഗുരുകലത്തിൽ പുറത്തുപോയുള്ള സ്ഥലപരിശോധനകൾക്കും കൺസൾട്ടേഷനുകൾക്കും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുള്ള വരുമാനം.<br>തച്ചുശാസ്ത്രപരമായ സേവനം - 16,30,603/-രൂപ (ജി.എസ്.റ്റി. ഉൾപ്പെടെ)<br>മ്യൂറൽ വിഭാഗം - 5,59,050/- രൂപ |

**സെക്ഷൻ ഓഫീസർ**